# സി കെ സി എൽ പി എസ്

# രാജഗിരി

# അക്കാദമിക് - മാസ്റ്റർ പ്ലാൻ

# 2025 – 2026

## സ്ക്കൂൾ മാസ്റ്റർ പ്ലാൻ 2025 - 2026

## ആമുഖം

അക്കാദമിക്ക് മാസ്റ്റർ പ്ലാനിൻെറ പ്രധാനമായ ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് .ആശയ വിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും ,സംസ്ക്കാരവും പ്രതിഫലിപ്പിക്കുന്നു . കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസം കൈവരിക്കുന്നു . ആശയങ്ങളിൽ നിന്നും ഭാഷയുടെ അടിസ്ഥാന ഘടകങ്ങളായ അക്ഷരം , പദം ,വാക്യം എന്നിവയിലേക്ക് പോകുന്ന സമീപനം ഭാക്ഷാക്ലാസ്സുകളെ സർഗ്ഗാൽമകവും ജീവിതഗന്ധിയുമാക്കി തീർക്കുന്നു .

കുട്ടിയുടെ ഭാഷാവികാസം വൈജ്ഞാനിക വികാസവുമായും ചിന്താശേഷിയുടെ വളർച്ചയുമായും ബന്ധപ്പെട്ടാണിരിക്കുന്നത് .ഊഹിക്കുക , ഭാവനയിൽ കാണുക ,പ്രവചിക്കുക ,വിവരിക്കുക ,വർണ്ണിക്കുക എന്നിങ്ങനെ പഠിതാവിൻെറ ചിന്താശേഷി ചടുലവും , സർഗാത്മകമായും ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്നു

**ഭാഷാപഠനം : ലക്ഷ്യങ്ങൾ**

1 , മറ്റുള്ളവർക്ക് മനസ്സിലാവും വിധം ശുദ്ധവും , സ്പഷ്ടവുമായി ശ്രവ്യവായന നടത്തൽ .
2 . കേട്ട് മനസ്സിലാക്കൽ
3 . വായിച്ച് ആശയം ഗ്രഹിക്കൽ
4 . ആസ്വദിക്കൽ
5 . ആശയ പ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ
6 . സർഗാത്മക രചന നടത്തൽ
7 . പദാവലി വികസിപ്പിക്കൽ
8 . അക്ഷരബോധം
9 . ഐ ടി സാധ്യത - വിവര സ്വീകരണം നടത്തൽ

# ENGLISH

## INTRODUCTION

The goal is for the first grader to handle English fluently .The first grader must go from small words to big word must be able to read write and speak English with it. No child should be able to speak English fluently like Malayalam . We have to keep our world language English , close to our hearts .The Academic master plan is designed to ensure that not a single child goes illiterate and illiterate .

## Aim - Objectives

- Learn all the tricks to communicate confidently in English .
- For presenting in English . ( drama , poetry , debate etc ....)
- Provide opportunities to communicate in English with confidence .
- Ability to enjoy English literature and engage in creative writing .
- Utilize technological opportunities for English language development .

## Activities :-

**I.Learn all the tricks to communicate confidently in English .**

- Provide opportunities to speak in English .
  ( Daily class , Assembly , Conversations .)
- English theatre , Role play ,Skits , Drama ,Recitation in important day .
- Give opportunities for the speech in important days .

**II. Encourage reading and writing in English .**

- News paper reading , Library books reading , book review , Reading breaking news .
- Find new words and meaning .
- To prepare magazines , news , headlines , poster , placards,etc.........
- Encourage creative writing ( Story , Poem , article , word web
  Picture descriptions etc.......)
- Provide opportunities for picture reading .

**III. Ebility to enjoy English literature and engage in creative writing .**

- Providing opportunities to watch English films .
- Conducting English day in school .
- Organizing event like English fest .
- Conducting English literature workshops with the participate .

**IV. Utilize technological opportunities for English language development .**

- Utilizing technology opportunities like online learning applications , audio – video resources .
- Creating an English blog .

**Aim**

@simple words, simple sentences to speak, read and write make sure these are in the children.

@ To develop listening skills and reading skills first listening skills.

## ലഹരി വിരുദ്ധ ബോധം

- ലഹരിവിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക .
- ലഹരിക്കെതിരായ മനോഭാവം വളർത്താൻ സഹായമായ പ്രവർത്തനങ്ങൾ.
- ലഹരി വിരുദ്ധ സംവാദങ്ങൾ ,ചർച്ചകൾ ,ക്ലാസ്സിൽ നടത്തുക .
- ലഹരി വിരുദ്ധ മുദ്രാവാക്യങ്ങൾ രചിക്കുക .
- അസ്സംബ്ലിയിൽ ബോധവൽക്കരണം നടത്തുക .
- ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണം .
- ചുമർ പത്രിക നിർമ്മാണം .
- ലഹരിവിരുദ്ധ റാലി ,കൗൺസിലിംഗ് ക്ലാസുകൾ എന്നിവ തുടർച്ചയായി നടത്തുക .
- ബോധവൽക്കരണ നാടകം നടത്തുക .

## മലയാളം

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക .
ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു , വായിക്കുന്നു .
ലിപി തിരിച്ചറിഞ്ഞു മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ വായിക്കുന്നു , എഴുതുന്നു .
സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ വാക്യങ്ങൾ ,ലഘുവിവരങ്ങൾ എഴുതുന്നു .
കുട്ടികവിതകൾ ,ഈണം ,താളം,ഭാവം ,എന്നിവയോടെചൊല്ലി അവതരിപ്പിക്കുന്നു
സ്വന്തം ആശയങ്ങൾ വ്യത്യസ്തരീതിയിൽ പ്രകടിപ്പിക്കൽ
ഇഷ്ട്ടപെട്ട സന്ദർഭങ്ങൾ അംഗചലനങ്ങളും ,ഭാവങ്ങളും സമന്വയിപ്പിച്ചു അവതരിപ്പിക്കുന്നത് അഭിനയകലകളിലേക്കുള്ള ചുവടുവെയ്പ്പ്
നിശ്ചിത ആശയുമായി ബന്ധപെട്ടു ചിത്രങ്ങൾ ,മാതൃകകൾ ആവിഷ്ക്കരിക്കുന്നു .

**പ്രവർത്തനം 1**

**പിറന്നാൾ സമ്മാനം**

ഉപമേഖല : വായന
ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക .
പ്രവർത്തനം : പിറന്നാൾ ദിനത്തിൽ സ്ക്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നു .
കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ക്ലാസ് ടീച്ചർ .

**പ്രവർത്തനം 2**

**ചങ്ങാതി പുസ്തകം**

ഉപമേഖല : വായന

ലക്ഷ്യം : സാഹിത്യാഭിരുചി വളർത്തുക .

പ്രവർത്തനം : പുസ്തകങ്ങൾ പ്രദർശനം നടത്തുന്നു അതിൻറെ

ലഘുവിവരണവും പ്രദർശിപ്പിക്കുന്നു .

കാലം : ആഴ്ച്ചയിൽ രണ്ടു ദിവസം .

ചുമതല : ലൈബ്രറി

<u>പ്രവർത്തനം 3</u>

<u>അക്ഷരമുറ്റം</u>

ഉപമേഖല : വായന

ലക്ഷ്യം : മികച്ച വായനശീലം വളർത്തുക .

പ്രവർത്തനം : ക്ലാസ് തലത്തിൽ ഒഴിവുസമയങ്ങളിൽ പുസ്തകങ്ങൾ വായിക്കാൻ അവസരം ഒരുക്കുന്നു

കാലം : ജൂൺ മുതൽ മാർച്ച് വരെ.

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം 4</u>

വായന : ഉച്ചഭാഷിണിയുടെ സഹായത്തോടെ .

ഉപമേഖല : വായന

ലക്ഷ്യം : അർത്ഥപൂർണ്ണമായി വായിക്കാൻ കഴിയുന്നു .

പ്രവർത്തനം : ഉച്ചഭാഷിണിയിലൂടെ ആഴ്ചയിൽ ഒരു ദിവസം വായന നടത്തുന്നു .

കാലം : ജൂൺ മുതൽ മാർച്ച് വരെ.

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം : 5</u>

<u>സർഗ്ഗവേള</u>

ഉപമേഖല : പ്രകടന വേദികൾ

ലക്ഷ്യം : കുട്ടികളെ അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക .

പ്രവർത്തനം : ക്ലാസ് 1 ,2 ക്ലാസ്സുകൾക്ക് വായനക്കാർഡ് , ചിത്രകാർഡ് നൽകുന്നു .

: ക്ലാസ് 3 ,4 ക്ലാസ്സിൽ കവിത എഴുതൽ , വായനകുറിപ്പ് തയ്യാറാക്കുന്നു .

കാലം : ജൂൺ മുതൽ മാർച്ച് **വരെ.**

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം : 6</u>

<u>പതിപ്പ് തയ്യാറാക്കൽ</u>

ഉപമേഖല : ലേഖനം

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു .

പ്രവർത്തനം : ദിനാചരണകളുമായി ബന്ധപ്പെട്ട പതിപ്പ് തയ്യാറാക്കുന്നു .

കാലം : ജൂൺ മുതൽ മാർച്ച് വരെ.

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം :7</u>

<u>എൻറെ പത്രം</u>

ഉപമേഖല : വായന

ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക .

പ്രവർത്തനം : ക്ലാസ് തലത്തിൽ പത്രവായന നടത്തുന്നു .
ചർച്ച ചെയ്യുന്നു . ക്വിസ് മത്സരം നടത്തുന്നു .

കാലം : ആഴ്ചയിൽ ഒരു ദിവസം .

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം : 8</u>

<u>രചനോത്സവം</u>

ഉപമേഖല : ലേഖനം

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു .

പ്രവർത്തനം : കഥ ,കവിത, കുറിപ്പ് ,വിവരണങ്ങൾ എന്നിവ തയ്യാറാക്കൽ .

കാലം : ജൂൺ മുതൽ മാർച്ച് വരെ .

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം : 9</u>

<u>പാട്ടരങ്ങ്</u>

ഉപമേഖല : ഭാഷാസമൃദ്ധി ലക്ഷ്യം : ഭാവപ്രകടനം , ശബ്ദപ്രയോഗം ,സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും , ആത്മവിശ്വാസവും വളർത്തുക

പ്രവർത്തനം : കുട്ടികൾ ആസ്വാദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അവ ഭാവതാളത്തോടെ അവതരിപ്പിക്കുന്നു .

കാലം : ജൂൺ മുതൽ മാർച്ച് വരെ .

ചുമതല : ക്ലാസ് ടീച്ചർ .

<u>പ്രവർത്തനം : 10</u>

<u>ഭാഷോത്സവം</u>

ഉപമേഖല : അവതരണശേഷി വികസനം

ലക്ഷ്യം : ഭാഷയുടെ വിവിധ ആശയവിനിമയരൂപങ്ങൾ മനസ്സിലാകുക , ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക .

പ്രവർത്തനങ്ങൾ : പ്രസംഗം , കഥപറയൽ , കവിത പാരായണം , പോസ്റ്ററുകൾ

എന്നിവയിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം നൽകുന്നു .

## <u>സൗന്ദര്യ വൽക്കരണം</u>

- പൂന്തോട്ടം നിർമ്മാണം
- ഔഷധ തോട്ടം
- സ്ക്കൂൾ ചുറ്റുമതിലിനോട് ചേർന്ന് ആകർഷകമായ ചെടികൾ വെച്ചുപിടിപ്പിക്കുക .
- ക്ലാസ് റൂം ചുമരുകൾ ആകർഷകമാക്കുക
- ജൈവ വൈവിധ്യ പാർക്ക്

## <u>പരിസരപഠനം</u>

<u>ലക്ഷ്യം</u>

പരിസ്ഥിതി അവബോധം വളർത്തുന്നതിനും പ്രകൃതിയെ സ്നേഹിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക .

നിരീക്ഷണ പാടവവും ,ഗവേഷണാത്മകമനോഭാവവും വളർത്തുക .

<u>പ്രവർത്തനങ്ങൾ</u>

വിഷയപഠനം ,പാഠഭാഗങ്ങൾക്കപ്പുറം പ്രകൃതിയെ അടുത്തറിയാനുള്ള അവസരങ്ങൾ ഒരുക്കുക .
ജലാശയങ്ങൾ , ചെടികൾ , മൃഗങ്ങൾ , എന്നിവയെകുറിച്ച് പഠിക്കാൻ പഠനയാത്രകൾ നടത്തുക .
സ്ക്കൂളും ,പരിസരവും ജൈവവൈവിധ്യ ഉദ്യാനമായി മാറ്റുക
ക്ലബ് പ്രവർത്തനങ്ങൾ
പ്രകൃതി ക്ലബ് രൂപീകരിക്കുക .
ഓരോ മാസവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനാചരണകൾ നടത്തുക . ( പരിസ്ഥിതി വാരാഘോഷം , വനമഹോത്സവം . )

<u>പ്രോജക്റ്റുകൾ</u>

ഒരു തൈ നാടാം ,പദ്ധതി നടപ്പാക്കുക .

പച്ചക്കറിതോട്ടം നിർമ്മിച്ച് പരിപാലിക്കുക .

സ്ക്കൂളിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക .

പ്ലാസ്റ്റിക് രഹിത കാമ്പസ് എന്ന ലക്ഷ്യം നേടാൻ പ്രവർത്തനങ്ങൾ നടത്തുക .

ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധ ചെറിയ പ്രവർത്തനങ്ങൾ നടത്തുക .

ശുചിത്വ കാമ്പസ് എന്ന ലക്ഷ്യം നേടാൻ പ്രവർത്തനങ്ങൾ നടത്തുക .

ശാസ്ത്ര പ്രദർശനങ്ങൾ നടത്തുക .

മൂല്യനിർണ്ണയം

പ്രോജക്റ്റ് അവതരണം

പ്രകൃതി ക്ലബ് പ്രവർത്തനങ്ങളിലെ പങ്കാളിത്തം

നിരീക്ഷണ ഡയറി തയ്യാറാക്കൽ .

## <u>ഹരിത പരിസരം</u>

ഹരിതപരിസരം വിദ്യാലയത്തെ ഹരിതവിദ്യാലയമാക്കി മാറ്റുന്നു .

പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹവും ,പരിസ്ഥിതി സംരക്ഷണ ബോധ്യവും ഊട്ടി ഉറപ്പിക്കുന്നു .

<u>പ്രധാന പ്രവർത്തനങ്ങൾ</u>

<u>ജൈവകൃഷിതോട്ടം</u>

സ്ക്കൂൾ പരിസരത്ത് ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക .

<u>ശലഭോദ്യാനം</u>

ചിത്രശലഭങ്ങൾക്കും , നിശാശലഭങ്ങൾക്കും വേണ്ട പരിസ്ഥിതി ഉണ്ടാക്കുകയാണ് ലക്ഷ്യം . പ്രകൃതിനാശവും , പരിസ്ഥിതി നശീകരണവും ചിത്രശലഭങ്ങളുടെ ആവാസവ്യവസ്ഥയെ തകർക്കുമ്പോൾ ചിത്രശലഭങ്ങൾക്ക് ജീവിക്കാനും , പുതുതലമുറയെ സൃഷ്ടിക്കാനും ഉതകുന്ന ജീവിത പരിസരവും , പ്രകൃതിസൗഹൃദചിന്താഗതികളും , ഇവിടെ രൂപപ്പെടുന്നു .

## വൃഷവൽക്കരണം

വിദ്യാലത്തിൻറെ ചുറ്റുപാടും പ്ലാവുകളും ,മാവുകളും , നെല്ലി , പേര ,ഉങ്ങ് ,മുള , നാരകം , എന്നീ വൃക്ഷങ്ങൾ വിദ്യാലയത്തിൻറെ വെച്ചുപിടിപ്പിക്കുന്നത് വിദ്യാലയത്തിൻറെ പരിസരത്തിന് ഹരിതഭംഗി നൽകുന്നു .

## ഗണിതം

ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണല്ലോ .ഭാഷയിലും ശാസ്ത്രത്തിലും മറ്റു ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളിപോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്ക് ആവശ്യമാണ് . ജീവിതത്തിൽ ഒരു വ്യക്തിക്കും ഒഴിച്ചുകൂടാൻ പറ്റാത്ത അത്യന്താപേക്ഷിതമാണ് ഗണിതപ്രവർത്തനങ്ങൾ . ഗണിതം ഇല്ലാതെ ഒന്നും തന്നെ ഇല്ല .ഗണിതം പാട്ടുകളിലൂടെയും ,കളികളിലൂടെയും ആസ്വാദകരമാക്കാവുന്നതാണ് . പല തരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത് .

### ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക .
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക .
- നിത്യോപയോഗ വസ്തുക്കളിൽ കുറെയേറെ കാര്യങ്ങളിൽ ഗണിതക്രിയകൾ ബന്ധപ്പെട്ടുനിൽക്കുന്നു എന്ന വസ്തുത ഉറപ്പിക്കാൽ .
- നീളം , വീതി തുടങ്ങിയ ഗണിതക്രിയകൾ അളന്നു നോക്കി അവതരിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യൽ .
- മീറ്റർ , കിലോമീറ്റർ ,ഭാരം , ലിറ്റർ , മില്ലിലിറ്റർ ഇവയുടെ വ്യത്യസ്തത മനസ്സിലാക്കി ക്രിയകൾ ചെയ്യൽ .
- സംഖ്യകളെ പരിചയപ്പെടുത്തൽ

### പ്രവർത്തനങ്ങൾ

ഗണിതക്ലബിൻറെ നേതൃത്വത്തിൽ നടക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ .

ഭാരം അളക്കൽ :- വ്യത്യസ്തങ്ങളായ വസ്തുക്കളുടെ ഭാരം അളന്നു തിട്ടപ്പെടുത്താൽ .

നീളം അളക്കൽ : ക്ലാസ് റൂമിൽ നിന്ന് ആരംഭിച്ചു നമുക്ക് പരിചിതങ്ങളായ ജനൽ ,ഡസ്ക്ക് , മേശ , ബ്ലാക്ക്ബോർഡ് , വീട്ടിൽ ജനൽ , വാതിൽ തുടങ്ങിയ അളന്നു കണ്ടുപിടിക്കാൻ വേണ്ട സാധ്യതകൾ നൽകുന്നു .

ലിറ്റർ : വിവിധ തരം പാത്രങ്ങൾ ഉപയോഗിച്ച് ദ്രവ്യങ്ങളുടെ അളവുകൾ കണ്ടെത്തി എഴുതി വെക്കുന്നു .ഓരോ പാത്രങ്ങളും , അതിൽ എടുക്കുന്ന ദ്രവ്യങ്ങളുടെ അളവുകളും സാമ്യവും ,വ്യത്യാസവും ഉണ്ടെന്നുള്ള വസ്തുതയിൽ കുട്ടിക്ക് തീരുമാനമെടുക്കാൻ സഹായകമാകുന്നു .

രൂപങ്ങൾ : ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു . ക്ലാസ്സിലൂടെ പരിചയപ്പെടുത്തുന്ന ജ്യാമിതീയ രൂപങ്ങളെ തങ്ങളാകുന്ന സാഹചര്യത്തിൽ കണ്ടെത്താനും , തിരിച്ചറിയാനും സാധിക്കുന്നു .ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ഒറിഗാമി , ടാൻഗ്രാം എന്നിവ നിർമ്മിക്കുന്നു .

ഐ സി ടി - സാധ്യതകൾ ഉപയോഗിച്ച് നിർമ്മിക്കാൻ സാധിക്കുന്ന വസ്തുതകളും , സങ്കൽപ്പങ്ങളും കുട്ടികളുടെ ചിന്താശേഷിയും ,മനസികവളർച്ചയെയും സഹായിക്കാൻ ഉതകുന്നവയാണ് .

### പ്രോജക്ടുകൾ , സെമിനാറുകൾ

**പ്രവർത്തനം : ഓരോ കുട്ടിയുടെയും , കുടുംബത്തിലെ ആഗസ്റ്റ് ,സെപ്റ്റംബർ , ഒക്ടോബർ വരെയുള്ള വരവ് , ചെലവ് കണക്കുകൾ പ്രൊജക്ടായി അവതരിപ്പിക്കുന്നു**

**<u>വിലവിവര പട്ടിക</u>**

**അരി : 56**

**മുളക് : 46**

**മല്ലി : 82**

**മഞ്ഞൾ : 75**

**ഉഴുന്ന് : 120**

**<u>കലണ്ടർ</u>**




**പൊതുഅവധികൾ ?**

**രണ്ടാം ശനി ഏത് ദിനമാണ് ?**

- **തിങ്കൾ 4 -)0 തിയ്യതി ആണെങ്കിൽ അടുത്ത ചൊവ്വ എത്രാം തിയ്യതി ആയിരിക്കും .?**
- **പൊതു അവധികൾ ഏതു ദിവസങ്ങളിലാണ് ?**
- **ദിനാചരണകൾ കണ്ടെത്തൽ .**

**<u>കച്ചവടം</u>**

**കളിനോട്ട് ഉപയോഗിച്ചു ക്ലാസ്സിൽ കുട്ടികൾ കച്ചവടം നടത്തുന്നു .**

**നോട്ടുപുസ്തകം - 25**

**പേന : 10**

**പെൻസിൽ : 5**

**റബ്ബർ : 5**

**<u>മൂന്നക്ക സംഖ്യകളുടെ സംഖ്യാബോധം ഉറപ്പിക്കൽ</u>**

**നോട്ടുകളും ,നാണയങ്ങളും ഉപയോഗിച്ചുള്ള കളികൾ , സംഖ്യ റിബൺ നിർമ്മിക്കൽ ,അബാക്കസ് ഉപയോഗിക്കൽ , സ്ഥാനവില പോക്കറ്റ് നിർമ്മിക്കൽ , വലുതാര് ,ചെറുതാര് .**

**<u>മൂന്നക്ക സംഖ്യകളുടെ സങ്കലനം</u>**
**അബാക്കസ് ക്രമീകരിക്കൽ ,സംഖ്യാജോഡികൾ കണ്ടെത്തൽ സംഖ്യകളെ വ്യാഖ്യാനിക്കൽ ,മന്ത്രികചതുരം നിർമ്മിക്കൽ സംഖ്യാസൗന്ദര്യം കണ്ടെത്തൽ ,ഗണിതമൂല നിർമ്മാണം , ഗണിതക്ലാസ്സ് പി ടി എ .**
**<u>മൂന്നക്ക സംഖ്യകളുടെ വ്യവകലനം</u>**

സംഖ്യകളുടെ വലുപ്പം താരതമ്മ്യം ചെയ്യൽ ,എടുത്തുമാറ്റൽ , ഗണിതകേളികൾ ,വിശകലന ചോദ്യങ്ങൾ , പ്രയോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ യൂണിറ്റ് ടെസ്റ്റ് നടത്തുന്നു ,ഗണിതമധുരം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പദ്ധതി തയ്യാറാക്കൽ.

<u>ഹരണം എന്ന ആശയം പരിചയപ്പെടൽ</u>

ചെയ്യാനുള്ള വ്യത്യസ്ത വഴികൾ ,സംഖ്യ പാറ്റേണുകൾ രൂപീകരിക്കാൻ , സംഖ്യാസിഷ്യൻ ,ക്ലാസ് പി ടി എ , ഐസിടി – സാധ്യതഹരണക്രിയയെ വ്യത്യസ്ത രീതിയിൽ വിശദീകരിക്കൽ , ഹരണക്രിയകൾ ചെയ്യാനുള്ള വ്യത്യസ്ത വഴികൾ ,സംഖ്യ പാറ്റേണുകൾ രൂപീകരിക്കാൻ ,സംഖ്യാ സൂര്യൻ ,ക്ലാസ് പി ടി എ.

<u>ചിത്രഗണിതം ( ചിത്രരൂപത്തിൽ നൽകിയിരിക്കുന്ന വിവരങ്ങൾ വിശദീകരിക്കൽ )</u>

വിവരശേഖരണം ,വിവരങ്ങൾ പട്ടികപ്പെടുത്തൽ , നിഗമനങ്ങൾ രൂപീകരിക്കൽ , പ്രവൃത്തിപരിചയഗണിത ശില്പശാല , ഗണിതവിജയപ്രവർത്തനം ,ക്ലാസ് പി ടി എ വിളിച്ചു ചേർക്കൽ ,റിവിഷൻ , മോഡൽ പരീക്ഷകൾ , പഠന മികവ് പ്രവർത്തനം , ,വാർഷിക പരീക്ഷ , അവധി കാല പ്രവർത്തനം നൽകൽ .

<u>ശുചിത്വ വിദ്യാലയം</u>

വ്യക്തി ശുചിത്വവും ,പരിസരശുചിത്വവും ,വിദ്യാലയ ശുചിത്വവും നമ്മുടെ ജീവിതത്തിൻറെ ഭാഗമാണ് . വ്യക്തി ശുചിത്വം പോലെ പ്രാധാന്യം അർഹിക്കുന്നവയാണ് വിദ്യാലയശുചിത്വം .

<u>ശുചിത്വങ്ങൾ</u>

മാലിന്യങ്ങളെ ജൈവമെന്നു ,അജൈവമെന്നും രണ്ടായി തിരിക്കുന്നു .

<u>ജൈവമാലിന്യങ്ങൾ</u>

മണ്ണിൽ ചേർന്ന് അലിഞ്ഞു തീരുന്നവയാണ് ജൈവമാലിന്യം . പച്ചക്കറികൾ ,ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ ..

*<u>അജൈവമാലിന്യങ്ങൾ</u>*

ബോൾ , പേന ,പ്ലാസ്റ്റിക് കവറുകൾ മണ്ണിൽ അലിഞ്ഞു ചേരാതെ വർഷങ്ങൾ പഴകും തോറും ഇതിൽ നിന്ന് വരുന്ന കെമിക്കൽസ് മണ്ണിനെയും , മണ്ണിൽ ഉണ്ടാകുന്ന ജീവുകളെയും ,പുഴുക്കളേയും നശിപ്പിക്കുകയും മണ്ണിൻറെ ലവണ മിശ്രിതം നഷ്ട്ടപെടുത്തുകയും ചെയ്യുന്നു .ഇത് മനുഷ്യജീവന് തന്നെ ഭീഷണിയാകുന്നു .

<u>വിദ്യാലയത്തിൽ ശുചിത്വശീലം വളർത്തുക</u>

മരങ്ങളിൽ നിന്നും ഉണങ്ങ വീഴുന്ന ഇലകൾ ശേഖരിച്ചു കോമ്പോസ്റ്റ് ആക്കി മാറ്റുന്നു .

<u>ഇലക്കമ്പോസ്റ്റ്</u>

കരി ഇലകൾ ,മണ്ണ്,ണ് വിദ്യാലയത്തിലെ ലയിക്കുന്ന വേസ്റ്റുകൾ ഇവ ഇടകലർത്തി ഇട്ട ശേഷം വലിയൊരു വേസ്റ്റ് ബിന്നിൽ നിറക്കുന്നു .കുറച്ചു ദിവസങ്ങൾക്കു ശേക്ഷം നല്ലൊരു പച്ചക്കറി വളമായി മാറുന്നു .

<u>തുമ്പൂർമുഴി കമ്പോസ്റ്റ്</u>

ചാണകം ,ചകിരിച്ചോറ് ,ഉണങ്ങിയ പുല്ല് ,കീറിയ പേപ്പറുകൾ , ജൈവമാലിന്യങ്ങൾ ഇടകലർത്തി ഇടാം . ഇടയ്ക്ക് വായു സഞ്ചാരം ഉറപ്പാക്കാൻ ഇളക്കി കൊടുക്കണം . ഒട്ടും ജലാംശം ഇല്ലാതെ വായുസഞ്ചാരയറകളിട്ടാണ് ഇത് നിർമ്മിക്കുന്നത് .90 ദിവസത്തിന് ശേഷം നല്ലൊരു തുമ്പൂർ മുഴി കമ്പോസ്റ്റ് തയ്യാറാക്കി വളമായി ഉപയോഗിക്കാം .

8888888888888888888888888888888888